നമ്പർ. എ.ഡി.എൽ(5)58888/08 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27.2.09.

# സർക്കുലർ നമ്പർ 11/2009

വിഷയം: സഹകരണ വകുപ്പ് - "സഹകരണ നവരത്നം കേരളീയം - കുടിശിക നിവാരണം - ശതശതമാനം കേരളീയം - നഷ്ട നിവാരണം കേരളീയം 2009" — സമയ പരിധി 20.3.2009 വരെ ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) ഈ ആഫീസിലെ 1/2009, 5/2009 നമ്പർ സർക്കുലറുകൾ.
2) 26.2.2009 ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി യുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാനതല അവലോ കന സമിതിയുടെ യോഗ തീരുമാനം.

"ശതശതമാനം കേരളീയം – നഷ്ട നിവാരണം കേരളീയം – 2009" പദ്ധതി സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തി ക്കുന്നതും വായ്പാ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നതുമായ എല്ലാത്തരം സഹകരണ സംഘങ്ങളിലും/ബാങ്കുകളിലും നടപ്പിലാക്കികൊണ്ടും ആയതിനുള്ള മാർഗ്ഗ നിർദ്ദേശ ങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. വായ്പാ കുടിശിക പിരിവ് കുറച്ചുകൂടി ഊർജ്ജിതപ്പെടുത്തുന്നതിനായി, ടി പദ്ധതി യുടെ കാലാവധി 20.3.2009 വരെ നീട്ടുന്നതിനും,കുടിശിക അടച്ചുതീർക്കുന്നതിന് ടി തീയതിക്കകം സംഘത്തിൽ സമ്മതപത്രം നൽകുന്നവർക്ക് തുക അടച്ചുതീർക്കുന്നതിന് 31.3.2009 വരെ സമയം അനുവദിക്കുന്നതിനും സൂചന (2) ലെ യോഗത്തിൽ തീരുമാനി ക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഈ പദ്ധതി പ്രകാരം വായ്പാ കുടിശിക അടച്ചുതീർക്കുന്നതിനുള്ള സമയപരിധി 28.2.2009 എന്ന് ഈ ആഫീസ് സർക്കുലർ 1/2009 പ്രകാരം നിശ്ചയിച്ചിരുന്നത് 20.3.2009 വരെ ദീർഘിപ്പിച്ചിരിക്കുന്നു. കൂടാതെ, വായ്പാ കുടിശിക അടച്ചു തീർത്തുകൊള്ളാമെന്ന് 20.3.2009 വരെ സംഘത്തിൽ/ബാങ്കിൽ സമ്മതപത്രം നൽകുന്ന വായ്പാകാർക്ക് തുക അടയ്ക്കുന്നതിന് 31.3.2009 വരെ സമയം അനു വദിയ്ക്കേണ്ടതാണ്.
2) ആഫീസ് സർക്കുലർ 1/09, 5/09 എന്നിവയിലെ മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് മാറ്റ മുണ്ടായിരിക്കുന്നതല്ല.
3) കുടിശിക വരവ് സംബന്ധിച്ച് 6.3.09, 13.3.2009, 20.3.09, 31.3.2009 എന്നീ തീയതിക ളിലെ പുരോഗതി റിപ്പോർട്ട് (പ്രൊഫോർമ III) തൊട്ടടുത്ത ദിവസം തന്നെ ഈ ആഫീസിൽ ഫാക്സ് മുഖേന സമർപ്പിക്കേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ എന്നീ സ്ഥാപനങ്ങൾ ഈ ആഫീസിൽ നേരിട്ടും ജില്ലാ സഹകരണ ബാങ്കുകൾ അതത് ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർക്കും ടി പ്രൊഫോർമ നൽകേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർമാർ ജില്ലാ തല വിവരങ്ങൾ ക്രോഡീകരിച്ച് ഈ ആഫീസിൽ സമർപ്പി ക്കേണ്ടതാണ്.
4) മേൽ വിവരങ്ങൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളുടേയും/ബാങ്കുക ളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ്. ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

(മറുപുറം)

1) ജോയിന്റ് രജിസ്ട്രാർ (ജനറൽ), എല്ലാ ജില്ലകൾക്കും.
2) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
3) ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറ്കടർ, കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കൊച്ചി.
6) പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, എല്ലാ ജില്ലകൾക്കും.
7) ജനറൽ മാനേജർ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
8) ചെയർമാൻ, എല്ലാ സർക്കിൾ സഹകരണ യൂണിയനുകൾക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന).
9) പ്രസിഡന്റ്, സെക്രട്ടറി, അർബൻ ബാങ്ക്സ് ഫെഡറേഷൻ.
10) പ്രസിഡന്റ്,സെക്രട്ടറി, കേരള പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ.
11) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എല്ലാ സർക്കിളുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
12) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

**പകർപ്പ്:**

1) സഹകരണസംഘം രജിസ്ട്രാറുടെ പി.എയ്ക്ക്,
2) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
3) സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
4) സ്റ്റോക്ക്/സ്പെയർ.

ആജ്ഞാനുസരണം,

ഡെപ്യൂട്ടി രജിസ്ട്രാർ( ആഡിറ്റ്)